തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) പുതിയ പരിപാടികൾ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വിനോദ നികുതിവെട്ടിപ്പ് തടയുന്നതിന് നടത്തുന്ന പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ/പഞ്ചായത്ത് മേധാവികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള സമ്പ്രദായം കുറ്റമറ്റതാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുകയും അവയുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

(സി)&(ഡി) ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലെ സിനിമാ തിയേറ്ററുകളിലെ വിനോദ നികുതിവെട്ടിപ്പു തടയുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്കും ചുമതലപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥർക്കും ഏതു സമയത്തും പരിശോധന നടത്താവുന്നതാണ്. സ്ഥിരസംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

17 (*324) ഭൂമി തരിശാക്കിയിടുന്നതിനെക്കുറിച്ച് പഠനം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിചെയ്യാതെ തരിശായി ഇട്ടിട്ടുള്ള ഭൂമി ഗവൺമെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് കൃഷിചെയ്യാതെ ഭൂമി തരിശ്ശായി ഇടുവാനുള്ള കാരണമെന്തെന്നും അവ എപ്രകാരം പരിഹരിക്കാമെന്നതിനെക്കുറിച്ചും ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ അതേപ്പറ്റി പഠിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) ഇല്ല.

(ഡി) കൃഷിക്കാർക്ക് വിവിധ പദ്ധതികളിൽക്കൂടി ആനുകൂല്യങ്ങൾ നൽകി തരിശ് സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

18 (*325) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത്, മുനിസിപ്പൽ നിയമത്തിൽ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി നടത്തിവരുന്ന എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുദ്ധജല വിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് നിയമപരമായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്;

(സി) പല ശുദ്ധജല വിതരണ പദ്ധതികളും ഒന്നിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുമ്പോൾ അങ്ങനെയുള്ള സ്കീമുകളുടെ ഭരണപരമായ ചുമതലകൾ ആര് നിർവ്വഹിക്കണമെന്നും ഇതിനായി വിവിധ ഏജൻസികളിൽനിന്ന് വായ്പയായി എടുത്തിട്ടുള്ള തുക ആര് തിരികെ നൽകും എന്നും വെളിപ്പെടുത്തുമോ;

(ഡി) ശുദ്ധജല വിതരണത്തിനായി വിദേശ സർക്കാരുകളുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹായം ഏത് നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭാവിയിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ടിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും ഈയിടെ വരുത്തിയ ഭേദഗതി അനുസരിച്ച് അതത് പഞ്ചായത്ത്-മുനിസിപ്പൽ പ്രദേശത്തിനുവേണ്ടിയുള്ളതും അതിന്റെ ഭൂപ്രദേശത്തിനുള്ളിൽമാത്രം സ്ഥിതിചെയ്യുന്നതും ജല അതോറിറ്റിയിൽ നിക്ഷിപ്തമായിരുന്നതുമായ ജലവിതരണ പദ്ധതികൾ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ അതത് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നിക്ഷിപ്തമാകുന്നതും അവയ്ക്ക് കൈമാറ്റം ചെയ്തതായി തീരുന്നതുമാണ്. അതിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂപ്രദേശത്തിനുള്ളിലെ താമസക്കാർക്ക് ഉപകരിക്കുന്നതും മേൽപ്പറഞ്ഞ പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമാത്രമായി കൈമാറ്റം ചെയ്യാൻ സാധിക്കാത്തതുമായ ഒരു ജലവിതരണ പദ്ധതിയുടെ സംരക്ഷണവും നടത്തിപ്പും സംബന്ധിച്ച അധികാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും ജല അതോറിറ്റിയിലെ സീനിയർ എൻജിനീയറും അടങ്ങുന്ന സർക്കാർ രൂപീകരിക്കുന്ന ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാക്കാനും നിയമഭേദഗതികളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് എത്ര ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റികളുടേയും നിയന്ത്രണത്തിലാകുമെന്ന വിവരം ജല അതോറിറ്റിയാണ് നിശ്ചയിക്കേണ്ടത്.

(ബി) സർക്കാർ ഇക്കാര്യത്തിൽ ഇതുവരെയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് കൈമാറ്റം ചെയ്യപ്പെടേണ്ട ജലവിതരണ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ജല അതോറിറ്റിയിൽനിന്ന് ശേഖരിക്കേണ്ടതുണ്ട്.

(സി) ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രദേശത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ജലവിതരണ പദ്ധതികളുടെ സംരക്ഷണവും നടത്തിപ്പും സംബന്ധിച്ച അധികാരം സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റിയിലായിരിക്കും നിക്ഷിപ്തമാകുക. എന്നാൽ ഇത്തരം പദ്ധതികളുടെ ഭരണപരമായ പൊതുചുമതലകളും ആസ്തി ബാദ്ധ്യതകളും ജല അതോറിറ്റിയിൽതന്നെ നിലനിൽക്കുന്നതാണ്.

(ഡി) പുതിയ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുവാനും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണത്തിനുമാണ് ധനകാര്യ സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളുടേയും മറ്റും സഹായം വേണ്ടിവരിക. നിലവിലുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയാലും ഇത്തരം ധന സഹായങ്ങൾ തുടർന്നും ലഭ്യമാകുമെന്ന് കരുതുന്നു.

19 (*326) സംസ്ഥാനത്തെ വ്യവസായ വികസന സമിതികൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എ. കണാരൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്ത് അടിസ്ഥാനത്തിലും വ്യവസായ വികസന സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) വ്യവസായ വികസന സമിതികളുടെ ഘടന എന്തെന്നു വ്യക്തമാക്കുമോ;

(ഡി) വ്യവസായ വളർച്ചാ സമിതികളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ വികസന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തു വ്യവസായ വികസന സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാദേശിക വ്യവസായ വികസനത്തിനുള്ള പദ്ധതി തയ്യാറാക്കുക.

2. വ്യവസായ സംരംഭകത്വ ബോധവൽക്കരണം, വർക്ഷോപ്പ്, ശിൽപ്പശാലകൾ എന്നിവയുടെ നടത്തിപ്പ്.

3. വ്യവസായ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും അത് ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുക.

4. വ്യവസായ വളർച്ചയ്ക്കാവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾക്ക് വ്യവസായ സമൂഹങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കുക.

5. ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, ഇടപാടുകാർ എന്നിവരെ തമ്മിൽ സമന്വയിപ്പിക്കുക.

6. വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly